## ഹോമിയോപ്പതി ഡയറക്ടറുടെ നടപടിക്രമങ്ങൾ, തിരുവനന്തപുരം

വിഷയം:- ഹോമിയോപ്പതി വകുപ്പ്- വിവരാവകാശ നിയമം 2005 - ചട്ടങ്ങൾക്ക് അനുസൃതമായി അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർ, അപ്പീൽ അധികാരികൾ എന്നിവരെ സ്ഥാനനിർദ്ദേശംചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :-1)1.09.2006, 25.1.2007 എന്നീ തീയതികളലെ ഈ ഓഫീസിൽ നിന്നുള്ള ഉത്തരവ് നം.12135/ജി3/2005/ഡിഎച്ച്.
2)30.10.2006 -ലെ സർക്കാർ സർക്കുലർ നമ്പർ 77000/സിഡിഎൻ5/06/പൊ.ഭ.വ.

**ഉത്തരവ് നം-372/ജി3/2015/ഡിഎച്ച്. തീയതി : 06.02.2015**

സൂചന ഉത്തരവ് പ്രകാരം വിവരാവകാശ നിയമം -2005 -ലെ ചട്ടങ്ങൾക്ക് അനുസൃതമായി വിവരാവകാശം സംബന്ധിച്ച അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ഹോമിയോപ്പതി വകുപ്പിലെ എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും പബ്ളിക് ഇൻഫർമേഷൻ ആഫീസർമാരേയും, അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരേയും, അപ്പീൽ അധികാരിയേയും സ്ഥാനനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവ് നൽകിയിരുന്നു. എന്നാൽ വകുപ്പിലെ ചില ഓഫീസുകളിലും സ്ഥാപനങ്ങളിലും ഈ ഉത്തരവാദിത്വം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വിവരാവകാശനിയമം 2005 പ്രകാരം അപേക്ഷിക്കുന്നവർക്ക് യഥാസമയം വിവരങ്ങൾ നൽകുന്നതിന് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് അതോറിറ്റി എന്നിവരുടെ കാര്യത്തിൽ ഹോമിയോപ്പതി വകുപ്പിൽ ഒരു എകീകൃത ഘടന ആവശ്യമാണെന്നും ബോധ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ വകുപ്പിലെ ഡയറക്ടറാഫീസ്, ജില്ലാ മെഡിക്കലാഫീസുകൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവിടങ്ങളിൽ വിവരാവകാശ ആക്ട് 2005 പ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് അധികാരികളുടെ കൈവശമുള്ളതോ നിയമപ്രകാരം പ്രാപ്തമാക്കാൻ കഴിയുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ചുവടെ വിശദീകരിച്ചിട്ടുള്ള ഓഫീസർമാരെ പബ്ളിക് ഇൻഫർമേഷൻ ആഫീസർ, അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്ന വിധത്തിൽ സ്ഥാനനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## 1 .ഡയറക്ടറാഫീസ്

(1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർ - അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

(2) സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

(3) അപ്പലേറ്റ് അതോറിറ്റി - ഡയറക്ടർ

## 2. ജില്ലാ മെഡിക്കലാഫീസുകൾ

(1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർ - സീനിയർ സൂപ്രണ്ട്

(2) സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ - സീനിയർ ക്ലാർക്ക്

(3) അപ്പലേറ്റ് അതോരിറ്റി - ജില്ലാ മെഡിക്കലാഫീസർ

വയനാട് ജില്ലയിൽ സീനിയർ സൂപ്രണ്ട് തസ്തിക ഇല്ലാത്ത സാഹചര്യത്തിൽ ആ ആഫീസിലെ സീനിയർ ക്ലാർക്ക് ആയിരിക്കും പബ്ളിക് ഇൻഫർമേഷൻ ആഫീസർ. അവിടെ അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറെ സ്ഥാനനിർദ്ദേശം ചെയ്യേണ്ട തില്ല..

### ആശുപത്രികൾ

(1) അപ്പലേറ്റ് അതോരിറ്റി - ബന്ധപ്പെട്ട ജില്ലാമെഡിക്കലാഫീസർ

(2) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർ - ആശുപത്രി സൂപ്രണ്ട്

(3) സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ - റസിഡന്റ് മെഡിക്കലാഫീസർ

### ഡിസ്പെൻസറികൾ

(1) അപ്പലേറ്റ് അതോരിറ്റി - ബന്ധപ്പെട്ട ജില്ലാമെഡിക്കലാഫീസർ

(2) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർ-ചീഫ് മെഡിക്കലാഫീസർ/മെഡിക്കലാഫീസർ

വകുപ്പിലെ എല്ലാ ഡിസ്പെൻസറികളും ചെറുഭരണ യൂണിറ്റുകൾ ആയതിനാൽ അവിടെ അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെ സ്ഥാനനിർദ്ദേശം ചെയ്യേണ്ടതില്ല.

ഹോമിയോപ്പതി വകുപ്പിലെ എല്ലാ ഓഫീസുകളിലും /സ്ഥാപനങ്ങളിലും സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർ , സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ സംബന്ധിച്ച വിവരം എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരുടെ സ്ഥാനനിർദ്ദേശം സംബന്ധിച്ച് ഏതെങ്കിലും ഭേദഗതി ഉത്തരവ് ആവശ്യമായിവരുന്ന പക്ഷം ആയത് ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്.

**ഡോ. കെ. ജമുന**
**ഹോമിയോപ്പതി ഡയറക്ടർ.**

പകർപ്പ് :-

എല്ലാ ജില്ലാ മെഡിക്കലാഫീസർമാർക്കും
എല്ലാ ആശുപത്രികൾക്കും (ഡി എം ഒ മുഖാന്തിരം)
എല്ലാ ഡിസ്പെൻസറികൾക്കും (ഡി എം ഒ മുഖാന്തിരം)
ജനറൽ എസ് എസ്/ഇഎ എസ്എസ്/ജെ എസ്/എച്ച് എസ്
സി എ റ്റു ഡിഎച്ച്/എഒ/ഡിഡി/എഎ/
ഒസി/സ്റ്റോക്ക് ഫയൽ
വെബ്സൈറ്റ്

സിപി